# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1959

22/01/2014ൽ മറുപടി
നൽകേണ്ടിയിരുന്നത്

അന്തിമ മറുപടി

### വയനാട് ജില്ലയിലെ എൽ.ഡി.ടൈപ്പിസ്റ്റ് നിയമനം

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) വയനാട് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്കുളള പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് എന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ; | (എ) 17.5.2012-ന് റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. 31.7.2013 തീയതിവരെ 18 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ലിസ്റ്റിൽനിന്നുളള നിയമനം മറ്റു ജില്ലകളെ അപേക്ഷിച്ച് വളരെ മന്ദഗതിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) ഇല്ല; ബാധകമല്ല. |
| (സി) ഈ ലിസ്റ്റിൽനിന്നും നിയമനം നടത്താൻ ഏതെല്ലാം ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസികളാണ് നിലവിൽ ഉളളതെന്ന വിവരം വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ ; | (സി) വയനാട് ജില്ലയ്ക്ക് അലോട്ട് ചെയ്യുന്നതിനായി ടി തസ്തികയിൽ നിലവിൽ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളൊന്നും അവശേഷിക്കുന്നില്ല. 05.11.2013 തീയതിയിൽ ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ വകുപ്പിൽനിന്നും റിപ്പോർട്ട് ചെയ്ത ഒരു ഹെഡ്ക്വാർട്ടേഴ്സ് ഒഴിവാണ് വയനാട് ജില്ലയ്ക്കായി അലോട്ട് ചെയ്തിരുന്നത്. |
| (ഡി) ഒഴിവുകൾ ഉണ്ടായിട്ടും റിപ്പോർട്ട് ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒഴിവുകൾ റിപ്പോർട്ടു ചെയ്യാത്തവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുളള എല്ലാ ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ